**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2921 10.05.2017-ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ രണ്ടാം ഘട്ടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| കൊച്ചി മെട്രോ രണ്ടാം ഘട്ടം പാലാരിവട്ടം മുതൽ കാക്കനാട് (പാടത്തിക്കര) വരെ നീട്ടുന്നതിനുള്ള നടപടികൾ എവിടെ വരെയായി എന്ന് വെളിപ്പെടുത്തുമോ ? | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടമായ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള 11.2 കി.മീ. ദൈർഘ്യമുള്ള റെയിൽ പാതയുടെ നിർമ്മാണത്തിന് 16.11.2015-ലെ സ.ഉ(കൈ) നം.72/15/ഗതാ എന്ന സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. 2024 കോടി രൂപ ചെലവ് വരുന്ന പദ്ധതി നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളും ഏജൻസികളും മുന്നോട്ട് വെച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് മറുപടി നൽകുകയും, വിലവർദ്ധന ചൂണ്ടിക്കാട്ടി പദ്ധതി ചെലവ് 2276.9 കോടി രൂപയാണെന്ന് കേന്ദ്രസർക്കാരിനെ അറിയിക്കുകയുമുണ്ടായി. പദ്ധതി ചെലവിൽ മാറ്റം വന്നതിനാൽ സമാന്തരമായി എല്ലാ സാമ്പത്തിക ഘടകങ്ങളും പരിഷ്കരിക്കുവാനും അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് (DPR)-ൽ മാറ്റം വരുത്തുവാനും കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയുണ്ടായി.<br>കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച DPR തയ്യാറാക്കുകയും, പുതുക്കിയ ഫണ്ടിംഗ് ഘടനയിൽ (2577.25 കോടി രൂപ) വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ